പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.17 05.03.2012 - ൽ മറുപടി നൽകേണ്ടിയിരുന്നത്

ജനസമ്പർക്കപരിപാടിയുടെ സംഘാടനച്ചെലവ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജെയിംസ് മാത്യു | ശ്രീ.ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) ജനസമ്പർക്ക പരിപാടിയുടെ നടത്തിപ്പിനായി സംസ്ഥാനത്താകെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ജില്ലതിരിച്ചുള്ള കണക്ക് അറിയിക്കുമോ ; | (എ) ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു. തിരുവനന്തപുരം, ഇടുക്കി, എറണാകുളം, കാസർഗോഡ് എന്നീ ജില്ലകളിൽ റവന്യു വകുപ്പ് മുഖേന ചെലവായ തുക മാത്രമായിരുന്നു നേരത്തെ നൽകിയിരുന്നത്. ടി ജില്ലകളിൽ മറ്റ് വകുപ്പുകൾ മുഖേന ചെലവാക്കിയ തുക കൂടി ഇപ്പോൾ അനുബന്ധം 1 ൽ കൂട്ടിച്ചേർത്ത് ഭേദഗതി വരുത്തിയിട്ടുണ്ട്. |
| (ബി) ജനസമ്പർക്കപരിപാടിയുടെ പ്രചാരണത്തിനായി ചെലവഴിച്ച തുകയെത്ര ; | (ബി) ജില്ലാ കളക്ടർമാർ മുഖാന്തിരം ചെലവഴിച്ച തുക അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. തിരുവനന്തപുരം ജില്ലയെ സംബന്ധിച്ച് 'ഇല്ല' എന്ന മറുപടിയാണ് നേരത്തെ നൽകിയിരുന്നത്. പിന്നീട് പ്രചാരണത്തിനുംപരസ്യത്തിനുമായി തിരുവനന്തപുരം ജില്ലയിൽ ചെലവഴിച്ച തുക ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്യുകയും ടി തുക കൂടി ഇപ്പോൾ അനുബന്ധം - 2 ൽ കൂട്ടിച്ചേർത്ത് ഭേദഗതി വരുത്തുകയും ചെയ്തിട്ടുണ്ട്. |

---2

| | |
|---|---|
| (സി) മുഖ്യമന്ത്രിയുടെ ദിനചര്യ സംബന്ധിച്ച കാർട്ടൂൺ ജനസമ്പർക്കപരിപാടിയിൽ പ്രദർശിപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതു തയ്യാറാക്കിയത് ആരാണ്; ഇതിനായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് ? | (സി) മുഖ്യമന്ത്രിയുടെ ദിനചര്യ സംബന്ധിച്ച കാർട്ടൂൺ പ്രദർശിപ്പിച്ചിരുന്നില്ല. രാഷ്ട്രീയ ജീവിതത്തിലെ രസകരമായ സംഭവങ്ങൾ വിവരിക്കുന്ന കുഞ്ഞൂഞ്ഞ് കഥകൾ കാർട്ടൂൺ സഹിതം മലപ്പുറം ജില്ലയിൽ മുഖ്യമന്ത്രിയുടെ പൊതുജന സമ്പർക്ക പരിപാടിയിൽ പ്രദർശിപ്പിച്ചിരുന്നു. മുഖ്യമന്ത്രിയുടെ വെബ് സൈറ്റായ **cm.gov.in** നിന്നും ലഭിച്ച കഥകൾ മലപ്പുറം ജില്ലാ ഇൻഫർമേഷൻ ഓഫീസിന്റെ ആഭിമുഖ്യത്തിലാണ് പൊതുജന സമ്പർക്ക പരിപാടിയിൽ പ്രദർശിപ്പിച്ചത്. ആകെ 3136/- രൂപ ചെലവായി. |

സെക്ഷൻ ഓഫീസർ

## അനുബന്ധം -1

| | |
|---|---|
| തിരുവനന്തപുരം | 11,18,100/- |
| കൊല്ലം | 22,30,594/- |
| പത്തനംതിട്ട | 19,48,000/- |
| ആലപ്പുഴ | 53,61,672/- |
| കോട്ടയം | 48,42,510/- |
| ഇടുക്കി | 22,37,500/- |
| എറണാകുളം | 36,81,936/- |
| തൃശ്ശൂർ | 19,62,690/- |
| പാലക്കാട് | 68,82,202/- |
| മലപ്പുറം | 22,97,578/- |
| കോഴിക്കോട് | 25,74,190/- |
| വയനാട് | 16,11,938/- |
| കണ്ണൂർ | 51,10,250/- |
| കാസർഗോഡ് | 13,73,182/- |

സെക്ഷൻ ഓഫീസർ

## അനുബന്ധം - 2

| | |
|---|---|
| തിരുവനന്തപുരം | 72,500/- |
| കൊല്ലം | 45,805/- |
| പത്തനംതിട്ട | 15,000/- |
| ആലപ്പുഴ | ഇല്ല |
| കോട്ടയം | ഇല്ല |
| ഇടുക്കി | 67,500/- |
| എറണാകുളം | ഇല്ല |
| തൃശ്ശൂർ | ഇല്ല |
| പാലക്കാട് | ഇല്ല |
| മലപ്പുറം | ഇല്ല |
| കോഴിക്കോട് | 13,500/- |
| വയനാട് | 16,105/- |
| കണ്ണൂർ | ഇല്ല |
| കാസർഗോഡ് | ഇല്ല |

സെക്ഷൻ ഓഫീസർ